പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

07.06.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1447

## നടുവിൽ പോളിടെക്നിക്കിന്റെ നിർമ്മാണവും പ്രവർത്തനവും

| ചോദ്യം<br>ശ്രീ. കെ.സി. ജോസഫ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നടുവിലിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഗവൺമെന്റ് പോളിടെക്നിക്കിനുവേണ്ട സ്ഥലം നടുവിൽ ടെക്നിക്കൽ സ്കൂളിന്റെ കൈവശമുള്ള സ്ഥലത്തു നിന്നും കൈമാറാനുള്ള മന്ത്രിസഭാ തീരുമാനം നടപ്പിലാക്കിയോ;<br><br>(ബി) ആയതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ<br><br>(സി) പോളിടെക്നിക്ക് പ്രവർത്തിക്കാനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (എ), (ബി) & (സി) 16/03/2015 തിയതിയിലെ ക്യാബിനറ്റ് തീരുമാനം 8766 പ്രകാരം നടുവിൽ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന്റെ വസ്തുവിൽ നിന്നും കെട്ടിടമുൾപ്പെടെ അഞ്ചേക്കർ സ്ഥലം നടുവിൽ സർക്കാർ പോളിടെക്നിക് കോളേജിന് കൈമാറാൻ അനുമതിയായിട്ടുണ്ട്. പ്രസ്തുത വിവരം സ്പെഷ്യൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലമെടുപ്പ് ഇനിയും യാഥാർത്ഥ്യമായിട്ടില്ല. ശ്രീ എ. കെ ആന്റണി എം പി ഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപയും , ശ്രീ കെ സി ജോസഫ് എം എൽ എ ഫണ്ടിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപയും ഉപയോഗിച്ചുകൊണ്ട് ടി കോളേജിനായി കെട്ടിടങ്ങൾ പണിത് സ്പെഷ്യൽ ഓഫീസർക്ക് കൈമാറി നൽകിയിട്ടുണ്ട്. ആദ്യ വർഷ ക്ലാസ് ആരംഭിക്കുന്നതിനുള്ള ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള സപ്ളൈ ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി ഡി ഒ) കോഡിനായി ആലംകോട്, കണ്ണൂർ ട്രഷറികളിൽ അപേക്ഷിച്ചുവെങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് വർക്കായി തുടങ്ങേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ.